# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 1, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി

സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

അട്ടപ്പാടി പാക്കേജിനെ സംബന്ധിച്ച എൻ.ആർ.എച്ച്.എം. ന്റെ റിപ്പോർട്ട്

*481 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ.വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി പാക്കേജ് നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച സംഭവിച്ചതായ ദേശീയ ഗ്രാമീണാരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം.) സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശിശുമരണങ്ങൾ തടയുന്നതിനടക്കം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ടുകൾ അനുവദിച്ചുവെങ്കിലും ക്രിയാത്മകമായി നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചില്ലെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

(സി) പോഷകാഹാര കുറവു മൂലം നൂറുകണക്കിന് കുട്ടികൾ ഗുരുതരാവസ്ഥയിലാണെന്ന സർവ്വേ പരാമർശത്തെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സി.എഫ്. എൽ., എൽ.ഇ.ഡി., എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജ സംരക്ഷണം</u>

*482 ശ്രീ. സി. മോയിൻകുട്ടി
,, കെ.എം. ഷാജി
,, എം. ഉമ്മർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ട് സി.എഫ്. എൽ, എൽ.ഇ.ഡി എന്നിവയുടെ ഉപയോഗം വ്യാപകമാക്കാൻ വൈദ്യുതി ബോർഡിന് എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) സി.എഫ്. എൽ., എൽ.ഇ.ഡി. തുടങ്ങിയവ കണ്ണിന് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(സി) ഊർജ്ജോപയോഗം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കുന്നതുമൂലം ഒരു വർഷം ശരാശരി എത്ര വൈദ്യുതി ലാഭിക്കാനാവുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനൽ

*483 ശ്രീ. എളമരം കരീം
,, ജി. സുധാകരൻ
,, എ. പ്രദീപ്കുമാർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച കേന്ദ്രമേഖലയിലുള്ള വ്യാവസായിക പദ്ധതികളടക്കമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് വ്യവസായ തകർച്ചയ്ക്കും പൊതുഖജനാവിന് കോടികളുടെ നഷ്ടവും വരുത്തുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനൽ തകർച്ച നേരിടാനുണ്ടായ കാരണങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുഖജനാവിൽനിന്ന് പണം മുടക്കി യഥാസമയം പദ്ധതി പൂർത്തിയാക്കാതെ നഷ്ടമുണ്ടാക്കുകയും പിന്നീട് ഇത്തരം സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന സമീപനം കൈക്കൊള്ളുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ട്രഷറി കമ്പ്യൂട്ടർവൽക്കരണം</u>

*484 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭവനപദ്ധതികൾ</u>

*485 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭവനപദ്ധതികൾ വഴി ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളാണ് ഗുണഭോക്താക്കളായി വരുന്നത്; വ്യക്തമാക്കുമോ;

(ബി) ജനറൽ കാറ്റഗറിയിൽപ്പെടുന്ന ഭവന രഹിതരായ ദുർബ്ബല ജനവിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

റബ്ബർമാർക്കിന്റെ പ്രവർത്തനം

*486 ശ്രീ. പി. റ്റി. എ. റഹീം
,, ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർമാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) റബ്ബറിന്റെ വിലയിടിയുന്ന പശ്ചാത്തലത്തിൽ റബ്ബർമാർക്ക് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) റബ്ബർമാർക്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം</u>

*487 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, റ്റി. വി. രാജേഷ്
,, കെ.കെ നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം ഏതാണ്ട് നിശ്ചലാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭവന നിർമ്മാണ ബോർഡിന് ധനസഹായം നൽകി വന്നിരുന്ന ഏജൻസിയായ ഹഡ്കോ ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ വകുപ്പുകളിൽ നിന്നും ബോർഡിന് വാടകയിനത്തിൽ തുക ലഭിക്കാനുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഭവനനിർമ്മാണ ബോർഡ് ഇടത്തരം/താഴ്ന്ന വരുമാനക്കാർക്ക് വായ്പാപദ്ധതികൾ എന്തെങ്കിലും നൽകി വരുന്നുണ്ടോ; കഴിഞ്ഞ കാലങ്ങളിൽ നൽകിവന്നിരുന്ന വായ്പാ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ഇനവേറ്റീവ് ഇന്റർ നാഷണൽ ഫർണിച്ചർ ഹബ്

*488 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇനവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഫർണിച്ചർ വ്യവസായത്തിന്റെ ഉന്നമനത്തിനും ഫർണിച്ചർ ഇറക്കുമതി ഇല്ലാതാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയ്ക്ക് ദോഷകരമായ നിർദ്ദേശങ്ങൾ</u>

*489 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോടിയേരി ബാലകൃഷ്ണൻ
,, സി. കൃഷ്ണൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കാതെ നബാർഡ് മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും സഹകരണമേഖലയെ തകർക്കുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ ബാങ്കിംഗ് ബിസിനസ് നടത്താൻ പാടില്ല എന്നും ജില്ലാബാങ്കുകളുടെ ബിസിനസ് കറസ്പോണ്ടന്റായി പ്രവർത്തിച്ചാൽ മതി എന്നുമുള്ള നബാർഡ് നിർദ്ദേശം തൽക്കാലം മരവിപ്പിച്ചിട്ടുണ്ടെങ്കിലും ഏത് സമയത്തും ഇത് നടപ്പിലാക്കപ്പെടാം എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണമേഖലയ്ക്ക് തകർച്ചയുണ്ടാക്കുന്ന തരത്തിലുള്ള നബാർഡ് നിർദ്ദേശങ്ങൾ നടപ്പാക്കില്ല എന്നുറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് പദ്ധതി

*490 ശ്രീ. സണ്ണി ജോസഫ്
,, പി.എ മാധവൻ
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) മുദ്രപ്പത്ര വിതരണത്തിലെ അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം സംവിധാനമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കൂട്ട ചെലവഴിക്കൽ</u>

*491 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജി. സുധാകരൻ
,, എളമരം കരീം
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കൂട്ട ചെലവഴിക്കൽ നടത്തുന്നതിനെക്കുറിച്ച് സി& എ. ജിയുടെയും സാമ്പത്തിക പരിശോധനാ വിഭാഗങ്ങളുടെയും വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാൻ അനുവദിച്ച തുക ആ വർഷത്തിൽ ഉപയോഗിക്കാതെ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മുൻ സാമ്പത്തിക വർഷം ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയുടെ കണക്കുകൾ ലഭ്യമാണോ;

(സി) സാമ്പത്തികവർഷാവസാനം കൂട്ട ചെലവഴിക്കൽ നടത്തുന്നതു മൂലം വൻ ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് അതത് ക്വാർട്ടറിൽ പണം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ മൂലധന നിക്ഷേപം</u>

*492 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ മൂലധന നിക്ഷേപം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിക്ഷേപം നടത്തിയതുവഴി എത്ര പേർക്ക് നേരിട്ടും അല്ലാതെയും ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസം</u>

*493 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ട്രഷറി നിക്ഷേപം ബാങ്കുകളിലേക്ക് മാറ്റാൻ അനുമതി നൽകിയ നടപടി</u>

*494 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കോടിയേരി ബാലകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ നിക്ഷേപമായി കിടന്നിരുന്ന ക്ഷേമനിധി ബോർഡുകളിലെയും മറ്റ് പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെയും ഫണ്ടുകൾ ട്രഷറികളിൽ നിന്ന് മാറ്റി ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയത് പുന;പരിശോധിക്കണമെന്ന് വിവിധ മേഖലകളിൽ നിന്ന് ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(സി) ഇത്തരം ഫണ്ടുകൾ ട്രഷറികളിൽ നിന്നും ബാങ്കുകളിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയത് വഴി സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള ഫണ്ടുകൾ ട്രഷറികളിലേക്ക് തിരികെ മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ഏകീകൃത തിരിച്ചറിയല്‍ കാര്‍ഡ്</u>

*495 ശ്രീ. ഐ.സി. ബാലകൃഷ്ണന്‍
,, വി.പി. സജീന്ദ്രന്‍
,, സി.പി. മുഹമ്മദ്
,, റ്റി.എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ കുടുംബാംഗങ്ങള്‍ക്ക് ഏകീകൃത തിരിച്ചറിയല്‍ കാര്‍ഡ് വിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏകീകൃത തിരിച്ചറിയല്‍ കാര്‍ഡു കൊണ്ട് എന്തെല്ലാം ആനുകൂല്യങ്ങളാണ് പട്ടിക വര്‍ഗ്ഗക്കാര്‍ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ പലിശനിരക്ക് കുറയ്ക്കാൻ നിർദ്ദേശങ്ങൾ</u>

*496 ശ്രീ. വി.റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ;
വിശദമാക്കുമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശ നിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏത് തീയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

മലിനീകരണ നിയന്ത്രണ പ്രവര്‍ത്തനങ്ങള്‍ നടത്തുന്ന സ്ഥാപനങ്ങള്‍ക്ക് എക്സലന്‍സ് പുരസ്കാരങ്ങള്‍

*497 ശ്രീ. വി.ഡി. സതീശന്‍
,, ബെന്നി ബെഹനാന്‍
,, പാലോട് രവി
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലിനീകരണ നിയന്ത്രണ പ്രവര്‍ത്തനങ്ങള്‍ നടത്തുന്ന സ്ഥാപനങ്ങള്‍ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോര്‍ഡ് എക്സലന്‍സ് പുരസ്കാരങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പുരസ്കാരങ്ങളാണ് വിവിധ വിഭാഗങ്ങളിലായി നല്‍കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് പുരസ്കാരത്തിനായി നിര്‍ണ്ണയിച്ചിട്ടുള്ളത് ;

(ഡി) മലിനീകരണ നിയന്ത്രണ പ്രവര്‍ത്തനങ്ങള്‍ക്ക് ഇത് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ</u>

*498 ശ്രീ. റ്റി. വി. രാജേഷ്
,, എസ്. ശർമ്മ
,, കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൂന്ന് കോടിയോളം ജനങ്ങളിൽനിന്നും ആധാർ കാർഡിനായി ശേഖരിച്ച നിർണ്ണായകവിവരങ്ങൾ കെൽട്രോൺ സ്വകാര്യകമ്പനികൾക്കായി നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആധാർ കാർഡിനായി നൽകുന്ന വിവരങ്ങൾ ഇത്തരത്തിൽ സ്വകാര്യകമ്പനിക്ക് കൈമാറുന്നതിലെ ദുരൂഹതയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആധാർ കാർഡിലെ വിവരങ്ങൾ പുറത്തുവിടരുതെന്ന കരാറിന്റെ ലംഘനം നടത്തിയ കെൽട്രോണിന്റെ പ്രവൃത്തിയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയെയും സേവനമേഖലയെയും ഒരുമിച്ച് കൊണ്ടുപോകുന്നതിനുള്ള കർമ്മ പദ്ധതികൾ</u>

*499 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയേയും സേവനമേഖലയേയും ഒരുമിച്ച് കൊണ്ടുപോകാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ആർ. ജി. ജി. വി. വൈ.

*500 ശ്രീ. ബി. സത്യൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജില്ലകളിലാണ് ആർ. ജി. ജി. വി.വൈ നടപ്പാക്കുന്നത് ; ഇതിന് കേന്ദ്ര സഹായമായി എന്തു തുകയാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലാവധി പൂർത്തിയായി ; ഇവിടങ്ങളിലെ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ; നിശ്ചിത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ആർ. ജി. ജി. വി. വൈ. പ്രകാരം നിർമ്മിക്കുന്ന ആസ്തി ഫ്രാഞ്ചൈസി സംവിധാനത്തിലേക്ക് കൈമാറണമെന്ന നിബന്ധന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; ഇതിന്റെ പ്രത്യാഘാതം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കുറവ് പരിഹരിക്കാൻ പദ്ധതി</u>

*501 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കുറവ് പരിഹരിക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇവയുടെ കുറവുമൂലം സംസ്ഥാനത്ത് മലിനീകരണംരംഗത്ത് എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

അക്ഷയ കേന്ദ്രങ്ങൾ കാലോചിതമായി വികസിപ്പിക്കുന്നതിന് നടപടി

*T502 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. വി. അബ്ദുൾ ഖാദർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ കാലോചിതമായി വികസിപ്പിക്കുന്നതിന് നടപടിസ്വീകരിക്കുമോ;

(ബി) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അടച്ചു പൂട്ടൽ ഭീഷണിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്ഷയ സംരംഭങ്ങൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇ-ഡിസ്ട്രിക്ട്, ഇ- ഗവേണൻസ് തുടങ്ങിയ പദ്ധതികൾ അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് വേർപെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിനുളള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് അതിവേഗ റെയിൽപാത</u>

*503 ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽപാത സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കു വേണ്ടിയുള്ള സർവ്വേ, മാർക്കിംഗ് എന്നിവ ഏതു ഘട്ടത്തിലെത്തി;

(സി) ഈ പദ്ധതി ഉപേക്ഷിക്കാനുള്ള സാദ്ധ്യത ഉണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ പുരോഗതി</u>

*504 ഡോ. കെ.ടി. ജലീൽ
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ.വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് എത്ര ഏക്കർ ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സർക്കാർ ഏർപ്പെടുത്തുന്ന പല നിബന്ധനകളും ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി അപ്രാപ്യമാക്കുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ</u>

*505 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' എം. ഹംസ
'' സി. കെ. സദാശിവൻ
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് മാസത്തോടെ പ്രസരണ-വിതരണ നഷ്ടം എത്രയാക്കി കുറയ്ക്കണമെന്നാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര സബ്സ്റ്റേഷനുകൾ വീതം പൂർത്തിയാക്കാനാണ് വൈദ്യുതി ബോർഡ് ഓരോ വർഷത്തെയും എ.ആർ.അർ & ഇ. ആർ.സി. (അഗ്രിഗേറ്റ് റവന്യൂ റിക്വയർമെന്റ് & എക്സ്പെക്റ്റഡ് റവന്യൂ ഫ്രം ചാർജസ്) പ്രകാരം ലക്ഷ്യമിട്ടിരുന്നത്;

(ഡി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയ്ക്ക് സർക്കാർ ഗ്രാന്റ്</u>

*506 ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലൂടെ നടപ്പാക്കാൻ സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ബാദ്ധ്യത സർക്കാർ വഹിക്കും എന്ന ഉത്തരവുകൾ പാലിക്കാത്തത് സഹകരണമേഖലയെ കടക്കെണിയിലാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കുടിശ്ശിക വരുത്തുന്നത് പല സ്ഥാപനങ്ങൾക്കും ഉണ്ടാക്കുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് വഴി സഹകരണ മേഖലയ്ക്ക് ലഭിക്കേണ്ട തുക യഥാസമയം നൽകുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>സഹകരണസംഘങ്ങളുടെ ആധുനികവത്കരണത്തിനും പ്രൊഫഷണലിസത്തിനും ഉള്ള കർമ്മപദ്ധതികൾ</u>

*507 ശ്രീ. വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഊർജ്ജോല്പാദനവും ഉപഭോഗവും</u>

*508 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഇവിടുത്തെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജോല്പാദനവും ഉപഭോഗവും തമ്മിൽ ശരാശരി എത്ര മെഗാവാട്ടിന്റെ അന്തരമാണ് പ്രതിദിനമുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസരണ-വിതരണം വഴി പ്രതിദിനമുണ്ടാകുന്ന വൈദ്യുതി നഷ്ടം ശരാശരി എത്ര മെഗാവാട്ടാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) നടപ്പുസാമ്പത്തിക വർഷം പ്രസരണ-വിതരണ നഷ്ടത്തിൽ ഗണ്യമായി കുറവുവരുത്തുന്നതിനുതകുന്ന തരത്തിലുള്ള കർമ്മപരിപാടികൾ മിഷൻ 676-ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി അദാലത്തുകൾ</u>

*509 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക-ഗാർഹികേതര വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നിയോജകമണ്ഡലം തലങ്ങളിൽ വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വീടുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതിമീറ്ററുകൾ അടിക്കടി കേടാവുന്നതും ഉപയോഗത്തെക്കാളും കൂടുതൽ വൈദ്യുതി ബിൽ നൽകുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്ക്കരണവും പുനരുപയോഗവും</u>

*T510 ശ്രീ. എൻ. ഷംസുദ്ദീൻ
,, കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മാലിന്യങ്ങൾ അപകടരഹിതമായി സംസ്കരിക്കുന്നതിനും പുനരുപയോഗപ്രദമായവ വേർതിരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ആധിക്യവും അശാസ്ത്രീയമായി അവയെ കൈകാര്യം ചെയ്യുന്നതുകൊണ്ടും പരിസ്ഥിതിക്കും മനുഷ്യജീവനും ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഉപയോഗശൂന്യമായ ഇലക്ട്രോണിക് വസ്തുക്കളുടെ ഫലപ്രദമായ ശേഖരണം, സംസ്കരണം, പുനരുപയോഗം എന്നീ കാര്യങ്ങളിൽ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി അടിയന്തരമായി നടപ്പാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 22.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.